# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4262 20.03.2018 ൽ മറുപടിയ്ക്ക്

**ഫെയർസ്റ്റേജും കിലോമീറ്റർ നിരക്കും തമ്മിലുള്ള അന്തരം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ.എ.കെ.ശശീന്ദ്രൻ**<br>**(ഗതാഗത വകുപ്പ് മന്ത്രി)** |

(എ) സംസ്ഥാന സർക്കാർ സ്റ്റേജ് കാര്യേജുകൾക്ക് കിലോമീറ്ററിന് എത്ര രൂപ നിരക്ക് ജനങ്ങളിൽ നിന്നും ഈടാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്; ഇതുകൂടാതെ ഫെയർസ്റ്റേജ് സംവിധാനം കൂടി, ചാർജ്ജ് ഈടാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(എ) സ്റ്റേജ് ക്യാരേജുകളിൽ 01.03.2018 മുതൽ വിവിധതരം സർവ്വീസുകൾക്ക് താഴെപ്പറയും പ്രകാരം കിലോമീറ്റർ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്.

| | തരം | കി.മീ.നിരക്ക് |
|---|---|---|
| 1 | ഓർഡിനറി/സിറ്റി | 70 ps |
| 2 | സിറ്റി ഫാസ്റ്റ് | 75 ps |
| 3 | ഫാസ്റ്റ് പാസഞ്ചർ/ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് | 75 ps |
| 5 | സൂപ്പർ ഫാസ്റ്റ് | 78 ps |
| 4 | എക്സ്പ്രസ് | 85 ps |
| 5 | സൂപ്പർ എയർ എക്സ്പ്രസ് | 93 ps |
| 6 | സൂപ്പർ ഡീലക്സ് | 100 ps |
| 7 | ലക്ഷ്വറി | 120 ps |
| 8 | വോൾ വോ | 145 ps |
| 9 | മൾട്ടി ആക്സിൽ | 200 ps |
| 10 | ലോ ഫ്ലോർ എ.സി | 150 ps |
| 11 | നോൺ എ.സി.ലോഫ്ലോർ | 80 ps |

നിരക്ക് വർദ്ധനയ്ക്ക് ആനുപാതികമായി നിലവിലുള്ള ഫെയർസ്റ്റേജുകളിൽ വർദ്ധനവ് ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഫെയർ സ്റ്റേജ് എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നതെന്നും കിലോമീറ്റർ നിരക്ക് എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) ഏകീകൃത ടിക്കറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിനുവേണ്ടി സ്ഥലത്തിന്റെ പ്രാധാന്യവും, യാത്രക്കാരുടെ ആവശ്യകതയും പരിഗണിച്ച് നിശ്ചയിക്കുന്നതാണ് ഫെയർ സ്റ്റേജ്. മിനിമം നിരക്കിൽ

| | | | |
|---|---|---|---|
| | | | യാത്ര ചെയ്യാവുന്ന ദൂരത്തിന് ശേഷം യാത്ര ചെയ്യുന്ന ഓരോ കിലോമീറ്ററിനും അധികമായി ഈടാക്കുന്ന തുകയാണ് കിലോമീറ്റർ നിരക്ക്. |
| (സി) | കിലോമീറ്റർ നിരക്ക് കണക്കാക്കിയാൽ നൽകേണ്ടിവരുന്ന തുകയേക്കാൾ വളരെ കൂടുതൽ തുക യാത്രക്കാരിൽ നിന്നും ഇപ്പോൾ ബസുകൾ ഈടാക്കിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) യും (ഡി) | മിനിമം നിരക്കിൽ യാത്ര ചെയ്യാവുന്ന ദൂരത്തിനുശേഷം യാത്ര ചെയ്യുന്ന ഓരോ അധിക കിലോമീറ്ററിനും മിനിമം നിരക്കിന് പുറമെ കിലോമീറ്റർ നിരക്കും ഉൾപ്പെടെയാണ് അടുത്ത ഫെയർസ്റ്റേജ് നിരക്ക് നിശ്ചയിക്കുന്നത്. |
| (ഡി) | കിലോമീറ്റർ ഫെയർ ആണോ ഫെയർസ്റ്റേജ് നിരക്കാണോ സർക്കാർ ഇപ്പോൾ യാത്രക്കാരിൽ നിന്നും ഈടാക്കുന്നതെന്ന് അറിയിക്കാമോ; | | |
| (ഇ) | കിലോമീറ്റർ നിരക്കിനേക്കാൾ അധികനിരക്ക് യാത്രക്കാർ നൽകേണ്ടിവരുന്ന സാഹചര്യം സംബന്ധിച്ച് പരിശോധന നടത്താനും ഫെയർസ്റ്റേജും കിലോമീറ്റർ നിരക്കും തമ്മിലുള്ള അന്തരം പരിഹരിക്കാനും എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇനി മുതൽ ചാർജ്ജ് വർദ്ധനവ് നടപ്പാക്കുമ്പോൾ ഈ അപാകതകൂടി പരിഹരിക്കും വിധത്തിലുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | ഫെയർ സ്റ്റേജുമായി ആക്ഷേപമുള്ളപക്ഷം അതാത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളെ സമീപിച്ചാൽ അക്കാര്യം പഠിച്ചതിനുശേഷം ഉചിതമായ നടപടിയെടുക്കുവാൻ അവർക്ക് അധികാരമുണ്ട്. |

**സെക്ഷൻ ഓഫീസർ**